**QP CODE**
**C2056**

**Enrollment Number: ………………**

**Name: ………………………………**

**M.A. DEGREE EXAMINATIONS, JULY 2025**
**Third Semester**
**M.A. Malayalam Language and Literature**
**M21ML04DE – സൈബർ സംസ്കാരവും മലയാളവും**
**(2023 July admissions)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. ഡിജിറ്റൽ ഡിവൈഡ് എന്നാൽ എന്ത്? അതിനെ എങ്ങനെ മറികടക്കാം?
2. ഇന്റർനെറ്റ് ഓഫ് തിങ്സ് എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? അനുദിനജീവിതത്തിൽ അത് ഇടപെടുന്നത് എങ്ങനെയെല്ലാം?
3. വെർച്വൽ റിയാലിറ്റി എന്നതുകൊണ്ട് വിവക്ഷിക്കുന്നത് എന്ത്? വിശദീകരിക്കുക.
4. സൈബർ ചർച്ചകളിൽ വിക്കിലീക്സ് ഇടംനേടിയതെങ്ങനെ?
5. ഭാഷാകമ്പ്യൂട്ടിങ്ങുമായി ബന്ധപ്പെടുത്തി എൻകോഡിംഗ് എന്ന ആശയത്തെ പരിചയപ്പെടുത്തുക.
6. ഡിജിറ്റൈസേഷൻ എന്നാൽ എന്ത്? എങ്ങനെ? എന്തിന്?
7. അനുദിനജീവിതാവിഷ്കാരം 'ക്ലാസ്സ് വാർ' എന്ന കഥയിൽ ആവിഷ്കരിച്ചിരിക്കുന്നത് എങ്ങനെയെന്ന് ചർച്ചചെയ്യുക.
8. 'പത്ത് പച്ചത്തത്ത' എന്ന കഥയുടെ പ്രമേയപരമായ സവിശേഷതകൾ എന്തെല്ലാം?

**(2X5=10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. വിവരസാങ്കേതികവിദ്യയും ഇന്റർനെറ്റും സമന്വയിച്ചതിന്റെ ഗുണഫലങ്ങൾ ചർച്ചചെയ്യുക.
10. സ്വയം പ്രസാധനത്തിന്റെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുത്തുക.
11. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് - കുറിപ്പെഴുതുക.
12. പരമ്പരാഗതമാധ്യമങ്ങളും സൈബർ മാധ്യമങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ വിശകലനം ചെയ്യുക.

13. സൈബർ ഇടവും യഥാർത്ഥ ഇടവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമെന്ന് ചർച്ചചെയ്യുക.
14. ഇ.വായന എന്നാൽ എന്ത്? അതിന്റെ സവിശേഷതകൾ എന്തെല്ലാം?
15. മലയാളത്തിലെ വിക്കിമീഡിയ സംരംഭങ്ങളെ പരിചയപ്പെടുത്തുക.
16. മലയാളത്തിലെ ബ്ലോഗ് സാഹിത്യത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.
17. ഇ. സാഹിത്യത്തിന്റെ മേന്മകളായി സജിത്ത് ജോസഫ് എടുത്തുപറയുന്ന സവിശേഷതകൾ എന്തെല്ലാം?
18. 'ആദിമധ്യാന്തം' എന്ന കഥയുടെ രചനാപരവും സാങ്കേതികവുമായ സവിശേഷതകൾ എന്തെല്ലാം?

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. ആധുനികയുഗത്തിൽ സാമൂഹികമാധ്യമങ്ങൾ നമ്മുടെ ദൈനംദിനജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. ചർച്ചചെയ്യുക.
20. ഇന്റർനെറ്റ് കാലത്തെ പത്രപ്രവർത്തനത്തിന്റെ സ്വഭാവമെന്ത്? കേരളീയപശ്ചാത്തലത്തിൽ വിശകലനം ചെയ്യുക.
21. മലയാളത്തിലെ ലിപിപരിഷ്കരണത്തെക്കുറിച്ച് ഉപന്യസിക്കുക.
22. മലയാളിയുടെ ബൂജീവിതത്തെക്കുറിച്ച് സി.എസ്. വെങ്കിടേശ്വരൻ മുന്നോട്ടുവെക്കുന്ന ചിന്തകൾ ക്രോഡീകരിക്കുക.

**(15X2=30)**